പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2782 09.05.2017-ലെ മറുപടിക്ക്

## ജി.ഐ.സി. വഴി ഇൻഷ്വർ ചെയ്യു കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ

ചോദ്യം
ശ്രീ. സി.മമ്മൂട്ടി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിരത്തുകളിൽ ആകെ കെ.എസ്.ആർ.ടി.സി യുടെ എത്ര വാഹനങ്ങൾ ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 5947 ബസുകളും കെ.യു.ആർ.ടി.സിയുടെ കീഴിൽ 679 ബസുകളുമാണുള്ളത്. |
| (ബി) | ഇതിൽ ജി.ഐ.സി. വഴി ഇൻഷ്വർ ചെയ്യുന്നതും കൃത്യമായി ഇൻഷ്വറൻസ് നിലനിർത്തിപ്പോരുന്നതുമായ എത്ര വാഹനങ്ങൾ ഉണ്ട്; | (ബി) | കെ.എസ്.ആർ.ടി.സി.ക്ക് കീഴിലുള്ള 5947 ബസു കളിൽ 5540 ബസുകൾക്കും, കെ.യു.ആർ. ടി.സിയുടെ കീഴിലുള്ള എല്ലാ ബസുകൾക്കും (679 എണ്ണം) ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാ ക്കുകയും ആയത് യഥാസമയം പുതുക്കിവരുന്നു മുണ്ട്. |
| (സി) | ജി.ഐ.സി. ഇൻഷ്വറൻസ് ഇല്ലാത്ത കെ.എസ്.ആർ.ടി.സി വാഹനങ്ങൾ എത്രയെന്നും ഇൻഷ്വറൻസ് ഇല്ലാത്ത എത്ര വാഹനങ്ങൾ നിരത്തിലോടുന്നുണ്ടെന്നും<br>അതിൽ പൊതുജനങ്ങളെ വഹിച്ചു കൊണ്ട് സർവ്വീസ് നടത്തുന്നത് എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ 5947 വാഹനങ്ങളിൽ 5540 വാഹനങ്ങൾക്കും (കോംപ്രിഹെൻസീവ് ഇൻഷുറൻസ് - 1517, തേർഡ് പാർട്ടി ഇൻഷുറൻസ് - 4023, ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത വാഹനങ്ങൾ - 407)<br>കെ.യു.ആർ.ടി.സി.യുടെ എല്ലാ വാഹനങ്ങൾക്കും [(679) (കോംപ്രിഹെൻസീവ് ഇൻഷുറൻസ് - 439, തേർഡ് പാർട്ടി ഇൻഷുറൻസ് - 240)] ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br>നിലവിൽ ഇൻഷുറൻസ് പരിരക്ഷ |

| | | | |
|---|---|---|---|
| | | | ഇല്ലാത്ത 407 ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം 146-ാം വകുപ്പ് പ്രകാരം എല്ലാ വാഹനങ്ങൾക്കും അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ അതേ സെക്ഷനിൽ സബ് സെക്ഷൻ (3) പ്രകാരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് വാഹനങ്ങൾക്ക് അപകട ഇൻഷ്വറൻസ് എടുക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുതിയതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**